ദീപിക

13 January 2107

# നോട്ട് പ്രതിസന്ധി മത്സ്യമേഖലയെ സാരമായി ബാധിച്ചില്ലെന്നു റിപ്പോർട്ട്

**മത്സ്യവിലയിൽ 15 മുതൽ 20 ശതമാനം വരെ കുറവ്**

**കൊച്ചി:** ആയിരത്തിന്റെയും അഞ്ഞൂറിന്റെയും നോട്ടുകൾ റദ്ദാക്കിയത് മത്സ്യമേഖലയെ സാരമായി ബാധിച്ചില്ലെന്ന് പഠന റിപ്പോർട്ട്. നോട്ട് റദ്ദാക്കലിനു ശേഷമുള്ള ആദ്യ രണ്ടാഴ്ചകളിൽ സംസ്ഥാനത്തെ മത്സ്യമേഖല കാര്യമായ പ്രതിസന്ധിയില്ലാതെ പിടിച്ചുനിന്നുവെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർ നടത്തിയ സാമൂഹിക സാമ്പത്തിക സർവേ ചൂണ്ടിക്കാട്ടുന്നു.

എന്നാൽ, മത്സ്യ ഉപഭോഗത്തിൽ 30 മുതൽ 40 ശതമാനം വരെ കുറവുണ്ടായെന്നും ഇതുമൂലം ചെറുകിട കച്ചവടക്കാർക്ക് തിരിച്ചടിയുണ്ടായെന്നും പഠനം വ്യക്തമാക്കുന്നു. സിഎംഎഫ്ആർഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമിന്റെ നേതൃത്വത്തിലാണ് നോട്ട് റദ്ദാക്കൽ മത്സ്യമേഖലയെ എങ്ങനെ ബാധിച്ചെന്നതു സംബന്ധിച്ച് പഠനം നടത്തിയത്.

ഇന്ധനം വാങ്ങുന്നതിന് പഴയ 500, 1000 രൂപ നോട്ടുകൾ ഉപയോഗിക്കാൻ അവസരം ലഭിച്ചത് കൊണ്ട് മത്സ്യബന്ധനത്തിൽ കുറവുണ്ടായില്ല. കയറ്റുമതിയിലും മൊത്ത വ്യാപാരത്തിലും കാര്യമായ ഇടിവ് സംഭവിക്കാത്തത് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമായെന്നും പഠനം വ്യക്തമാക്കുന്നു.

തരകൻമാരടക്കമുള്ള ഇടനിലക്കാരുടെ അവസരോചിതമായ ഇടപെടലാണ് മത്സ്യമേഖലയെ പ്രതിസന്ധിയിൽ നിന്ന് രക്ഷിച്ചത്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാനുള്ള ചെലവ് വഹിച്ചത് ഈ മധ്യവർത്തികളാണ്. ചെക്കുകളുടെ ഉപയോഗവും വൈകിയുള്ള വിനിമയവും നിലവിലുള്ളതിനാൽ കയറ്റുമതിയിൽ പ്രശ്നങ്ങളുണ്ടായില്ല. മറ്റ് മൂല്യവർധിത ഉത്പന്നങ്ങൾക്ക് ഉപയോഗിക്കാമെന്നതിനാൽ മൊത്തവ്യാപാരികളും മത്സ്യം വാങ്ങി. എന്നാൽ, മത്സ്യ ഉപഭോഗത്തിൽ കുറവ് വന്നത് ചെറുകിട മത്സ്യക്കച്ചവടക്കാരെ നോട്ട് നിരോധനം പ്രതിസന്ധിയിലാക്കിയെന്നും പഠനം പറയുന്നു.

ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, കയറ്റുമതിക്കാർ, മൊത്ത വ്യാപാരികൾ, ചെറുകിട കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള 200 പേരിലാണ് സിഎംഎഫ്ആർഐ ഗവേഷകർ സർവേ നടത്തിയത്.

നോട്ടുകൾ നിരോധിച്ച നവംബർ എട്ടിന് മുമ്പും ശേഷവുമുള്ള 15 ദിവസങ്ങളിലെ കണക്കുകളാണ് സർവേക്ക് വേണ്ടി ഉപയോഗിച്ചത്. നോട്ട് നിരോധനത്തിനു ശേഷം മത്സ്യത്തിന്റെ വിലയിൽ 15 മുതൽ 20 ശതമാനം വരെ കുറവ് അനുഭവപ്പെട്ടു. ചില്ലറ വ്യാപാരത്തിൽ 30 മുതൽ 40 ശതമാനം വരെ കുറവുണ്ടായി.

ആവശ്യത്തിന് മത്സ്യം ലഭ്യമല്ലാത്തതാണ് മീൻ വാങ്ങാതിരിക്കാൻ കാരണമെന്ന് സർവേയിൽ പങ്കെടുത്ത 70 ശതമാനം ഉപഭോക്താക്കൾ അഭിപ്രായപ്പെട്ടു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി 58.33 ശതമാനം പേരും ഉയർന്ന വിലയായതിനാൽ 38.33 ശതമാനം പേരും ഗുണനിലവാരമില്ലാത്ത മത്സ്യമായതിനാൽ 23.33 ശതമാനനവും ഇഷ്ടമുള്ള മത്സ്യം ലഭിക്കാത്തതിനാൽ 13.33 ശതമാനം ഉപഭോക്താക്കളും മത്സ്യം വാങ്ങിയില്ലെന്ന് സർവേ ഫലം വെളിപ്പെടുത്തുന്നു.

ഇടനിലക്കാർ, മത്സ്യത്തൊഴിലാളികൾ, ബോട്ട് ഉടമകൾ, മൊത്തവ്യാപാരികൾ എന്നിവർക്കിടയിലുണ്ടായ പരസ്പര വിശ്വാസമാണ് മത്സ്യമേഖലയെ പ്രതിസന്ധിയിലാകാതെ പിടിച്ചുനിർത്തിയതെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഡോ. ശ്യാം എസ്. സലീം അഭിപ്രായപ്പെട്ടു.

തരകൻമാരടക്കമുള്ള ഇടനിലക്കാർ അവസരത്തിനൊത്തുയർന്നതും ഇന്ധനം ലഭ്യമായതുമാണ് മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ ആത്മവിശ്വാസം നൽകിയത്. നോട്ട് റദ്ദാക്കലിനു ശേഷമുള്ള ആദ്യ 15 ദിവസത്തെ അവലോകനമാണ് പഠനത്തിലുള്ളത്.